# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2525 08.05.2017 ലെ മറുപടി**

**ചാലക്കുടി മണ്ഡലത്തിലെ ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.ബി.ഡി.ദേവസ്സി:**

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന തോതിൽ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും ജലവിഭവ വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ജലാശയങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തരമായി അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) .&(ബി)

ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും 2017-18 സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിന് 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 5 കോടി രൂപ ജലസേചന വകുപ്പ് മുഖേന ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനാണ് വക കൊള്ളി ച്ചിരിക്കുന്നത്.

കൂടാതെ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS (മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) ന്റെ ഫണ്ട് ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടേതായി 129 കുളങ്ങളുടെ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി MNREGS സഹായത്തോടെ നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് MNREGS മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാൻ പറ്റാത്ത കുളങ്ങൾ ആവശ്യകതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ സംസ്ഥാന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**